## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2261 — 06/10/2016 ൽ മറുപടിക്ക്

# ഭൂമി കേരളം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഭൂമികേരളം പദ്ധതിയുടെ കീഴിൽ നിലവിൽ നടന്നു വരുന്ന ജോലികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഇ-രേഖാ പദ്ധതി, മോഡേൺ സെൻട്രൽ റെക്കോർഡ് റൂം തയ്യാറാക്കുക, ജില്ലാ ഡിജിറ്റൈസേഷൻ സെന്റർ സ്ഥാപിക്കുക, വെബ് ജി.ഐ.എസ്. മുഖാന്തിരം ലാന്റ് റിക്കോർഡ്സ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന പദ്ധതി, എല്ലാ ഡിജിറ്റൈസ്ഡ് രേഖകളുടെയും ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുക, ആധുനിക സർവ്വേ ഉപകരണങ്ങൾ ലഭ്യമാക്കുക, സംസ്ഥാന വ്യാപകമായി ഗ്രൗണ്ട് കണ്ട്രോൾ പോയിന്റുകൾ സ്ഥാപിക്കുക, സർവ്വേ ഭവനിലും 14 ജില്ലകളിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുക, എറണാകുളം ജില്ലയിലെ 7 താലൂക്കുകളിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും റെക്കോർഡ് റൂം സ്ഥാപിക്കുക, മാപ്പ് മൈ ഹോം പദ്ധതി മുതലായ പ്രവർത്തനങ്ങൾ ഭൂമികേരളം പദ്ധതിയുടെ കീഴിൽ നിലവിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അവരുടെ നിയമന രീതി എപ്രകാരമാണെന്നും അറിയിക്കാമോ; | (ബി) | കേരളാ ലാന്റ് ഇൻഫർമേഷൻ മിഷനിൽ ആകെ 161 ജീവനക്കാർ ഉണ്ട്. സ്ഥിരം ജീവനക്കാർ 159 പേർ സർവ്വെ വകുപ്പിൽ നിന്നും ജോലിക്രമീകരണ വ്യവസ്ഥയിൽ 13 ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ, മിഷന്റെ GPS യൂണിറ്റ്, സ്റ്റോഴ്സ് & ലോജിസ്റ്റിക്സ് യൂണിറ്റ്, സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ, സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് എന്നിവിടങ്ങളിലായി ജോലി ചെയ്യുന്നു. കരാർ അടിസ്ഥാനത്തിൽ രണ്ടുപേരെ മാത്രം സ്റ്റേറ്റ് പ്രോജക്ട് ഓഫീസിൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം നിയമിച്ചിരിക്കുന്നു. പത്രപരസ്യം നൽകുകയും (Open advertisement) തുടർന്ന് എഴുത്ത് പരീക്ഷ, പ്രാക്ടിക്കൽ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തിയുമാണ് നിയമനം നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത ജീവനക്കാരിൽ കരാർ അടിസ്ഥാനത്തിലോ, താൽക്കാലിക വ്യവസ്ഥയിലോ | (സി) | താത്ക്കാലികാടിസ്ഥാനത്തിൽ (ദിവസ വേതനാടിസ്ഥാനത്തിൽ) ജോലി ചെയ്തു വന്ന 34 ജീവനക്കാരെ 179 ദിവസം പൂർത്തിയായ മുറയ്ക്ക് |

| | |
|---|---|
| ജോലി ചെയ്യുന്നവർ എത്രയുണ്ടെന്നും അവരുടെ ചുമതലകൾ എന്തൊക്കെ യാണെന്നും വിശദമാക്കാമോ; | 26/09/2016 ൽ വിടുതൽ ചെയ്തു. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന രണ്ട് ജീവനക്കാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.<br><br>1. <u>പ്രോജക്ട് മാനേജർ</u><br>(a) മിഷന്റെ കീഴിലെ വിവിധ യൂണിറ്റുകൾ കേന്ദ്രീകരിച്ച് സംസ്ഥാന വ്യാപകമായി നടപ്പാക്കേണ്ടതും നടപ്പാക്കി വരുന്നതുമായ വിവിധങ്ങളായ സർവ്വെ, ഡിജിറ്റൈസേഷൻ ജോലികളുടെ പ്ലാനിംഗ്, ഏകോപനം, അവലോകനം എന്നിവ നടത്തി പദ്ധതി നിർവ്വഹണത്തിൽ ഡയറക്ടറെ സഹായിക്കൽ.<br>(b) GIS അധിഷ്ഠിതമായ സാങ്കേതിക ജോലികളിൽ ജീവനക്കാർക്ക് ഗൈഡ്‌ലൈൻ തയ്യാറാക്കി നൽകലും പരിശീലനം നൽകലും.<br>(c) GPS അധിഷ്ഠിത ഫീൽഡ് ജോലികൾക്ക് ആവശ്യമായ സാങ്കേതിക നിർദ്ദേശം നൽകൽ.<br>(d) DILRMP മുതലായ പ്ലാൻ പ്രൊപ്പോസലുകൾ, ബഡ്ജറ്റ് പ്രൊപ്പോസൽ എന്നിവ തയ്യാറാക്കലും, മീറ്റിംഗിൽ പങ്കെടുക്കലും.<br><br>2. <u>ഹാർഡ് വെയർ സർവ്വീസ് എഞ്ചിനീയർ</u><br>(a) മിഷന്റെ എല്ലാ സെന്ററുകളുടെയും ഹാർഡ് വെയർ സംബന്ധമായതും നെറ്റ് വർക്കിംഗ് സംബന്ധമായതുമായ തകരാറുകൾ സമയാസമയങ്ങളിൽ പരിഹരിക്കൽ<br>(b) ഡാറ്റ ബാക്ക് അപ്പുകൾ ശേഖരിക്കൽ.<br>(c) കമ്പ്യൂട്ടറുകൾ വൈറസ് വിമുക്തമാക്കൽ<br>(d) ജില്ലാ സെന്ററുകളുടെ വർക്ക് ഡിസ്ട്രിബ്യൂഷനിൽ പ്രോജക്ട് മാനേജരെ സഹായിക്കൽ.<br>(e) മീറ്റിംഗുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ക്രമീകരിക്കൽ മുതലായവ. |

| | |
|---|---|
| (ഡി) കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും എത്ര തുക ഭൂമി കേരളത്തിന് ലഭിച്ചിട്ടുണ്ടെന്നും ആയത് ഏതൊക്കെ തരത്തിലാണ് വിനിയോഗിച്ചതെന്നും നാളിതുവരെ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ഡി) 2008-09 മുതൽ 2013-14 വരെ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന് കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമായി ആകെ 40,73,69,593/- രൂപ ലഭിച്ചതിൽ നാളിതുവരെ 29,92,89,067/- രൂപ വിനിയോഗിച്ചിട്ടുണ്ട്.<br>(1) ടി ഫണ്ട് പ്രയോജനപ്പെടുത്തി മാത്രം സർവ്വെ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 13 ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി ആരംഭിച്ചു. കൂടാതെ ഇവയുടെ ഏകോപനത്തിനായി ഒരു മാസ്റ്റർ യൂണിറ്റും തിരുവനന്തപുരത്ത് ആരംഭിച്ചു.<br>(2) സർവ്വെ ജോലികൾ ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ ത്വരിതപ്പെടുത്തുന്നതിനായി 141 ETS മെഷ്യനുകളും, 18 DGPS മെഷ്യനുകളും വകുപ്പിൽ ലഭ്യമാക്കി.<br>(3) പുരാതന സർവ്വെ റെക്കോർഡുകൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമായി 'ഇ- രേഖ' എന്ന ബൃഹത്ത് പദ്ധതി നടപ്പിലാക്കി.<br>(4) ജില്ലകളിലെ റെക്കോർഡുകൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിനായി എല്ലാ കളക്ട്രേറ്റുകളിലും സർവ്വെ ഭവനിലും മോഡേൺ റെക്കോർഡ് റൂമുകൾ സജ്ജമാക്കി.<br>(5) ETS മെഷ്യനുകളുടെ 2009 മുതലുള്ള AMC നടപ്പാക്കി വരുന്നു.<br>(6) സംസ്ഥാന വ്യാപകമായി GPS കൺട്രോൾ പോയിന്റുകൾ സ്ഥാപിച്ചു വരുന്നു.<br>(7) ഡാറ്റകൾ സൂക്ഷിക്കുന്നതിനായി സെൻട്രൽ സെർവ്വർ സംവിധാനം സജ്ജമാക്കി.<br>(8) ഇ- രേഖ വെബ് സോഫ്റ്റ് വെയർ സജ്ജമാക്കി.<br>(9) വെബ് GIS സോഫ്റ്റ് വെയർ ലഭ്യമാക്കി- ഇതിന്റെ പ്രവർത്തനം പുരോഗതിയിലാണ്. ടി ആവശ്യങ്ങൾക്കൊക്കെയാണ് പ്രധാനമായും തുക ചെലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ